(സി) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 9 ജില്ലകളിലായി 60 പേരെ ഗോവയിലെ "നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ്" എന്ന സ്ഥാപനത്തിൽ ട്രെയിനിംഗിന് അയയ്ക്കുകയുണ്ടായി. അതിൽ 59 പേർ വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കുകയും അവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

(ഡി) അഞ്ച് ഫിഷറീസ് സ്റ്റേഷനുകളിലായി 2 പേരെ വീതം റസ്ക്യൂ ഗാർഡുകളായി നിയോഗിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

224 (1982) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് പ്രയാസപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് നടപടി ഉണ്ടാകുമോ :

(ബി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളെ ഋണബാധ്യതയിൽ നിന്ന് വിമുക്തരാക്കാൻ നടപ്പാക്കുന്ന മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്ന കാര്യം ആലോചനയിലില്ല.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും മത്സ്യഫെഡും ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾക്കുപുറമേ താഴെപ്പറയുന്ന പദ്ധതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

1. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും റിട്ടയർമെന്റ് ആനുകൂല്യം നൽകുന്ന പദ്ധതി
2. മാരകരോഗ ചികിത്സാ ധനസഹായ പദ്ധതി നിലവിൽ നൽകി വരുന്ന പരമാവധി സാമ്പത്തിക സഹായം 50,000 രൂപയിൽ നിന്നും 60,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം
3. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണത്തിൽ ധനസഹായം നൽകുന്ന പദ്ധതി ധനസഹായം 600 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം
4. അസുഖംമൂലവും അവശത മൂലവും മറ്റ് തൊഴിലുകൾ എടുക്കാൻ കഴിയാതെ അവശത അനുഭവിക്കുന്നവർക്കുള്ള പെൻഷൻ സർക്കാരിന്റെ മിനിമം പെൻഷൻ നിരക്കിൽ നൽകുന്ന കാര്യം
5. മത്സ്യത്തൊഴിലാളി/അനുബന്ധതൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായം 1,500 രൂപയിൽ നിന്ന് 5000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം

LIBRARY ARCHIVES Kerala Legislative Assembly